പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 634 — 30.06.2016-ൽ മറുപടിക്ക്.

## അന്യ സംസ്ഥാന തൊഴിലാളികളുടെ വിവരങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.സി.എഫ്.തോമസ്<br>ഡോ.എൻ. ജയരാജ് | | ശ്രീ. റ്റി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി | |
| (എ) | കേരളത്തിലുള്ള അന്യ സംസ്ഥാന തൊഴിലാളികളുടെ കൃത്യമായ വിവരങ്ങൾ സർക്കാരിന്റെ പക്കലുണ്ടോ; | (എ) | കേരളത്തിലുള്ള ഇതര സംസ്ഥാന തൊഴിലാളികളുടെ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. |
| (ബി) | ഇപ്രകാരം തൊഴിൽ തേടി കേരളത്തിലെത്തുന്നവരുടെ വിവരങ്ങൾ ശേഖരിക്കാൻ നിലവിൽ എന്തു മാർഗ്ഗമാണ് അവലംബിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (ബി) | 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം ഇതര സംസ്ഥാന തൊഴിലാളികളെ പദ്ധതിയിൽ അംഗത്വ രജിസ്ട്രേഷൻ നടത്തുന്നുണ്ട്. |
| (സി) | കേരളത്തിൽ ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം കൃത്യമായി നിർവ്വഹിക്കുന്നതിന് ഫലപ്രദമായ നടപടി കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ഇതര സംസ്ഥാന തൊഴിലാളികളുടെ കൃത്യമായ വിവരശേഖരണം നടത്തുന്നതിനും രജിസ്ട്രേഷനോട്ടു കൂടി ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനുമായി സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ മാതൃകയിൽ "ആവാസ്" എന്ന പേരിൽ ഒരു നൂതന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ